# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.634** **01/12/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി നിർമ്മാണം

**ചോദ്യം** **മറുപടി**

**ശ്രീ. എസ്.ശർമ്മ** **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റിക്കായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിൽ എത്ര ചതുരശ്ര അടി വിസ്തൃതിയുള്ള ഭാഗം പാട്ടത്തിന് നൽകുവാനുണ്ട്; കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം എത്ര; | (എ) | നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 6.5 ലക്ഷം സ്ക്വയർ ഫീറ്റാണ്. അതിൽ 4.5 ലക്ഷം സ്ക്വയർ ഫീറ്റാണ് പാട്ടത്തിന് നൽകാവുന്നത്. |
| (ബി) | ഏതെല്ലാം ഐ.ടി കമ്പനികൾ എത്ര ചതുരശ്ര അടി വീതം കെട്ടിടം പാട്ടത്തിന് എടുത്തിട്ടുണ്ട്; പാട്ടത്തിന്റെ നിരക്ക്, എടുത്തിരിക്കുന്ന വർഷം, ജോലി ചെയ്യാൻ കഴിയുന്ന ആളുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ; സ്ഥലം പാട്ടത്തിനെടുത്ത ഏതെങ്കിലും കമ്പനി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | കെട്ടിടം പണി പൂർത്തിയാവുന്നതേയുള്ളൂ. അവിടെ കമ്പനികൾ ഒന്നും തന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (സി) | സ്മാർട്ട് സിറ്റി പദ്ധതിയ്ക്ക് വേണ്ടി ഭൂമിയ്ക്കായി ഉൾപ്പെടെ ആകെ എത്ര കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്; ടീകോം കമ്പനി ചെലവഴിച്ച തുക എത്ര; ബാങ്ക് ലോൺ എത്ര; വിശദാംശം നൽകുമോ? | (സി) | ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും, ഭരണ ഇതര ചിലവുകൾ കൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി സർക്കാർ ചിലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട്. 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. മറ്റു വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ